ജി. ടി. എസ്. പീച്ചി

# 2025-26

# സ്കൂൾ തല അക്കാദമിക മാസ്റ്റർ പ്ലാൻ

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി അക്കാദമിക കാര്യങ്ങൾ ആസൂത്രണം ചെയ്ത് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയാണ് എല്ലാ പൊതുവിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാനായി ഈ മാസ്റ്റർ പ്ലാനുകൾ ഉപകരിക്കുന്നു. ജി.ടി.എസ്. പീച്ചിയിലെ ഈ വർഷത്തെ മാസ്റ്റർ പ്ലാനിലെ എല്ലാ ലക്ഷ്യങ്ങളും കൈവരിക്കാൻ കഴിയും എന്ന പ്രതീക്ഷയിൽ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് - ഗവ. ട്രൈബൽ സ്കൂൾ പീച്ചി.

മേൽവിലാസം - പീച്ചി. P.O, പിൻ - 680653

ഫോൺ - 9061546419

സ്കൂൾ കോഡ് - 22402

വിദ്യാഭ്യാസ ഉപജില്ല - തൃശ്ശൂർ ഈസ്റ്റ്.

വിദ്യാഭ്യാസ ജില്ല - തൃശ്ശൂർ

റവന്യൂ ജില്ല - തൃശ്ശൂർ

ബി. ആർ. സി - ഒല്ലൂക്കര.

ഗ്രാമപഞ്ചായത്ത് - പാണഞ്ചേരി

ബ്ലോക്ക് പഞ്ചായത്ത് - ഒല്ലൂക്കര

ജില്ലാ പഞ്ചായത്ത് - തൃശ്ശൂർ

നിയമസഭാമണ്ഡലം - ഒല്ലൂർ

ലോകസഭാമണ്ഡലം - തൃശ്ശൂർ

താലൂക്ക് - തൃശ്ശൂർ

വില്ലേജ് - പീച്ചി

ഇ-മെയിൽ വിലാസം - gtspeechi@gmail.com

സ്കൂൾ വിക്കി - ജി. ടി. എസ്. പീച്ചി.

# ജി.ടി.എസ്. പീച്ചി

1965 ലാണ് തൃശ്ശൂർ ജില്ലയിൽ പാണഞ്ചേരി പഞ്ചായത്തിൽ പീച്ചി വില്ലേജിൽ വിലങ്ങന്നൂർ ദേശത്ത് ഗവ. ട്രൈബൽ സ്കൂൾ സ്ഥാപിതമായത്. പീച്ചി വില്ലേജിലെ മലയോര മേഖലകളായ വിലങ്ങന്നൂർ, ചെന്നായിപ്പാറ, തെക്കേക്കുളം, താമര വെള്ളച്ചാൽ എന്നീ ഗിരിവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികളാണ് പ്രാഥമിക വിദ്യാഭ്യാസത്തിനായ് ഈ സ്കൂളിനെ ആശ്രയിക്കുന്നത്. ഒന്നും രണ്ടും ക്ലാസുകൾ മാത്രമേ ഇവിടെയുള്ളൂ. സമീപത്തുള്ള പ്രീ-മെട്രിക് ട്രൈബൽ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് ഒന്നും രണ്ടും ക്ലാസിൽ ഇവിടെ സൗകര്യപ്രദമായി പഠിക്കാൻ സാധിക്കുന്നു.

അടച്ചുറപ്പുള്ള രണ്ട് ക്ലാസ്മുറികളും ബാത്ത്റൂമും മാത്രമേ ഈ വിദ്യാലയത്തിനുള്ളൂ. ഈ അധ്യയന വർഷം ഒന്നാംക്ലാസിൽ ഒന്നും രണ്ടാം ക്ലാസിൽ മൂന്നും കുട്ടികളാണുള്ളത്. ടീച്ചർ-ഇൻ-ചാർജ്ജായി ഗീതു ടീച്ചറും ഒരു LPSA അധ്യാപികയും ഒരു കുക്കും ഒരു PTCM ഉം ആയി സ്കൂൾ പ്രവർത്തിച്ചു വരുന്നു. ഈ വിദ്യാലയം മികച്ചതാക്കുന്നതിനായി ഇവിടുത്തെ അധ്യാപകരും പരിസരവാസികളും, PTA യും സംഘടനകളും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു.

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായനയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളൊരുക്കും
5. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ ഉറപ്പുവരുത്തും.
6. ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
7. ഹരിവിദ്യാലയത്തെ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
8. ക്ലാസ്തല മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുക.
9. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

# ലക്ഷ്യങ്ങൾ

## മലയാളം

1. എല്ലാകുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്തലത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
4. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
5. മികച്ച വായനശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക
2. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
3. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
4. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
7. ക്ലാസ് തല വായന മൂലയിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസരപഠനം

1. ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജന-പ്പെടുത്തുക.

## ആരോഗ്യ കായിക പരിശീലനം

1. എല്ലാം കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യശീലങ്ങൾ വളർത്തുക.
3. ആരോഗ്യകായിക വിദ്യാഭ്യാസത്തിന് എല്ലാം കുട്ടികൾക്കും അവസരം നൽകുക.
4. സ്കൂളിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.
5. കുട്ടികൾക്ക് ആരോഗ്യപഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പരിചയപ്പെടുത്തുക.

   ഉദാ: സുംബ, വ്യായാമം.

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ/പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതരവിഷയങ്ങളുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

# ഗണിതം

1. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക.
2. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
3. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
4. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തി ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

# മലയാളം

## പ്രവർത്തനം-1

പേര് - പുസ്തകം എന്റെ ചങ്ങാതി

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം (ഒരു പുസ്തകം) | അധ്യാപകർ | |

## പ്രവർത്തനം -2

പേര് - എന്റെ പിറന്നാൾ പുസ്തകം.

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 3

പേര് - ഉറക്കെ വായന

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഒന്ന്, രണ്ട് ക്ലാസിലെ കുട്ടികളുടെ ശേഷിക്കനുസരിച്ച് വായിക്കുന്നു. | ഉച്ചഭാഷിണിയിലൂടെ വായിക്കുന്നതുപോലെ ഉറക്കെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 4

പേര് - അക്ഷരക്കൂട്ടം (വായനാ കോർണർ)

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാകോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി. | |

പ്രവർത്തനം - 5

പേര് - രചനോത്സവം

ഉപമേഖല - ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | അദ്ധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഡോഷാ കുമ്പ് | |

പ്രവർത്തനം - 6

പേര് - സർഗ്ഗവേള

ഉപമേഖല - പ്രകടന വേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായനാക്കാർഡ് വായിക്കൽ വ്യക്തിഗതം. | ജൂൺ മുതൽ മാർച്ച് | ക്ലാസ് അധ്യാപിക | |

പ്രവർത്തനം - 7

പേര് - ക്ലാസ്സിലെ കയ്യെഴുത്ത് മാഗസിൻ

ഉപമേഖല - ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സിലെ കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 8.

പേര് - എന്റെ വായനാകാർഡുകൾ

ഉപമേഖല - ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക. | വായനാക്കാർഡുകൾ തയ്യാറാക്കുകയും വായിക്കുകയും ചെയ്യുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |

പ്രവർത്തനം - 9.

പേര് - ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിയ്ക്കുക.

ഉപമേഖല - ആശയഗ്രഹണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് | പഠനമികവ് കാണിക്കുന്ന വിദ്യാർത്ഥി-കൾ. | |

പ്രവർത്തനം - 10

പേര് - കഥ കേൾവി

ഉപമേഖല - ശ്രവണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശ്രവണ ശേഷി കൈവരിക്കൽ. മനസിലാ-ക്കിയ വിവരങ്ങൾ അവതരിപ്പിക്കാനുള്ള ശേഷി | അസംബ്ലിയുടെ ഭാഗമായി കുട്ടികൾക്ക് ചെറുകഥകൾ കേൾക്കാൻ അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് | അദ്ധ്യാപിക. | |

# ഇംഗ്ലീഷ്

പ്രവർത്തനം - 1

പേര് - ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല - പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ. | ആഴ്ചയിൽ ഒരുദിനം അധ്യാപകരുടെ സഹായത്തോടെ ഇംഗ്ലീഷിൽ അസംബ്ലി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരുദിവസം. (ബുധൻ) | അധ്യാപകർ | |
| | ആഴ്ചയിൽ ഒരുദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ജനുവരി | അധ്യാപകർ. | |

പ്രവർത്തനം - 2 പ്രവർത്തനത്തിന്റെ പേര് – ചെറു വിവരണം
ഉപമേഖല - ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ആഴ്ചയിലും ഒരു വിഷയത്തെക്കുറിച്ച് ചെറു വിവരണം എഴുതുന്നു. | ആഴ്ചയിൽ ഒന്ന് | അധ്യാപകർ | |

പ്രവർത്തനം - 3 പ്രവർത്തനത്തിന്റെ പേര് – ഇംഗ്ലീഷ് ബുള്ളറ്റിൻ.
ഉപമേഖല - ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കുന്നു.<br>ജൂൺ – പരിസ്ഥിതി<br>ജൂലൈ – ചന്ദ്രൻ<br>ആഗസ്റ്റ് – സ്വാതന്ത്ര്യദിനം<br>സെപ്തംബർ – ഓണം<br>ഒക്ടോബർ – ഗാന്ധി<br>നവംബർ – കേരളം<br>ഡിസംബർ – ക്രിസ്തുമസ്<br>ജനുവരി – ന്യൂ ഇയർ. | ഓരോ മാസവും | അധ്യാപകർ | |

പ്രവർത്തനം - 4

പേര് - Reading Card making and Reading

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | ആഴ്ചയിൽ ഒരിക്കൽ റീഡിങ് കാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു. | തിങ്കൾ (ആഴ്ചയിൽ ഒരുദിവസം) | അധ്യാപകർ | |

# ഗണിതം

പ്രവർത്തനം - 1

പേര് - ഗണിത വർക്ക്ഷീറ്റ് ശില്പശാല

ഉപമേഖല - വർക്ക്ഷീറ്റ് തയ്യാറാക്കൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളെയും അർഹരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക്ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ | അധ്യാപകർ | 2000 |

പ്രവർത്തനം - 2
പേര് - ഗണിതമൂല
ഉപമേഖല - ഗണിത കേളികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | ക്ലാസിൽ ഗണിതമൂലകൾ ക്രമീകരിക്കൽ. (കളറിലുള്ള കല്ലുകൾ, കളിനോട്ട്, ഊർക്കിൽ, കാർഡുകൾ തുടങ്ങിയവ) | ജൂൺ to ജനുവരി | അധ്യാപകർ | 1000 |
| പ്രവർത്തനം - 3, പേര് - യൂണിറ്റ് വിലയിരുത്തൽ | | | | |
| ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | അധ്യാപകർ. | |

# പരിസര പഠനം

പ്രവർത്തനം -1 - പരീക്ഷണം (നിരീക്ഷിക്കൽ)
ഉപമേഖല - ശാസ്ത്ര അവബോധം വളർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠനതാൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രിയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ നിരീക്ഷിച്ച് മനസ്സിലാക്കൽ | എല്ലാമാസത്തിലും | അധ്യാപകർ. | |

പ്രവർത്തനം - 2 - പരീക്ഷണം ചെയ്യൽ.

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക. | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ജൂൺ to മാർച്ച്. | അധ്യാപകർ. | |

## സാമൂഹികാവബോധം

പ്രവർത്തനം - 1

പേര് - ഫീൽഡ്ട്രിപ്പ്

ഉപമേഖല - പൊതുസ്ഥാപനങ്ങൾ, പ്രകൃതി സ്ഥലങ്ങൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്, പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിന്. | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ. | |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം-1

പേര് - വിവരസാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല - അധ്യാപകശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ. പരിചയപ്പെടുത്തൽ (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാക്കൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം - 2

പേര് - IT ലാബ്

ഉപമേഖല - കമ്പ്യൂട്ടർ വിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | IT, ICT പ്രവർത്തനങ്ങൾ/പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ - ആഗസ്റ്റ് | SITC | |

# പ്രവൃത്തി പരിചയം

പ്രവർത്തനം - 1
പേര് - പ്രവൃത്തി പരിചയ ശിൽപശാല
ഉപമേഖല - നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | പ്രവൃത്തി പരിചയവുമായി ബന്ധപ്പെട്ട നിർമ്മാണങ്ങൾ ( പേപ്പർ ക്രാഫ്റ്റ്, waste material ഉപയോഗിച്ചുള്ള നിർമ്മാണം) | സെപ്റ്റംബർ | അധ്യാപകർ | 1000. |

പ്രവർത്തനം - 2
പേര് - ഒറിഗാമി
ഉപമേഖല - കരകൗശല പരിശീലനം

| | | | | |
|---|---|---|---|---|
| ഇതര വിഷയ പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക. | പാഠഭാഗത്തെ നിർമ്മാണപ്രവർത്തനങ്ങൾ ചെയ്യൽ. | ജൂൺ - മാർച്ച് | അധ്യാപകർ | |

# ആരോഗ്യ - കായിക - വിദ്യാഭ്യാസം

പ്രവർത്തനം — സുംബ, എക്സസൈസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി, അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക. | സുംബ പരിശീലനം<br>എക്സസൈസ് പരിശീലനം | ജൂൺ - മാർച്ച് | അധ്യാപകർ. | |

## സർഗവേദി

പ്രവർത്തനം -1

പേര് - സർഗവേദി

ഉപമേഖല - പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക. (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരുദിവസം എല്ലാം ക്ലാസിലും സർഗവേദി നടത്തൽ. നേതൃത്വം വിദ്യാർത്ഥികൾ | ആഴ്ചയിലും | CT SRG | |

പ്രവർത്തനം - 2

പേര് - ടാലന്റ് ലാബുകൾ

ഉപമേഖല -

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക. | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക് കുട്ടികൾക്ക് പരിശീലനം | ജൂൺ - മാർച്ച് | അധ്യാപിക. | |

പ്രവർത്തനം-3

പേര് - പ്രകടനവേദികൾ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| ഓരോകുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക. | കുട്ടികളുടെ മികവുകൾ അവതരിപ്പിക്കൽ | ജൂൺ-മാർച്ച് | SRG-CT | |